10. ശ്രീ. പി. സി. ജോർജ്ജ്
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. കെ. കെ. ജയചന്ദ്രൻ
13. ,, എം. വി. ജയരാജൻ
14. ,, എം. കുമാരൻ
15. ,, കെ. വി. കുഞ്ഞിരാമൻ
16. ,, വി. കെ. സി. മമ്മത് കോയ
17. ,, മത്തായി ചാക്കോ
18. ,, കെ. പി. മോഹനൻ
19. ,, എ. സി. മൊയ്തീൻ
20. ,, പിരപ്പൻകോട് മുരളി
21. ,, സി. കെ. നാണു
22. ,, കെ. രാധാകൃഷ്ണൻ
23. ,, കെ. പി. രാജേന്ദ്രൻ
24. ,, രാജു എബ്രഹാം
25. ,, കെ. പി. സതീശ് ചന്ദ്രൻ
26. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
27. ശ്രീ. പി. എസ്. സുപാൽ
28. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

തി. സ്പീക്കർ:

അനുകൂലിക്കുന്നവർ—52

പ്രതികൂലിക്കുന്നവർ—28

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരനടപടികളും

1. 2005-ലെ കേരള ധനവിനിയോഗ ബിൽ
2. 2005-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ
3. 2005-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ
4. 2005-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ
5. 2005-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

LIBRARY ARCHIVES Kerala Legislative Assembly

6. 2005-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ
7. 2005-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ
8. 2005-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള ധനവിനിയോഗ ബിൽ, 2005-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ, 2005-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ, 2005-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2005-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2005-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, 2005-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ, 2005-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി: (ശ്രീ. വക്കം പുരുഷോത്തമൻ): 2005-ലെ കേരള ധനവിനിയോഗ ബില്ലും 2005-ലെ കേരള ധനവിനിയോഗ (2 മുതൽ 8-ാം നമ്പർ വരെയുള്ള) ബില്ലുകളും പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. എം. കുമാരൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുകയാണ്. ആരോഗ്യരംഗത്തും വിദ്യാഭ്യാസ മേഖലയിലും പ്രശ്നങ്ങൾ നിലനിൽക്കുന്ന സമയത്ത്, ക്ഷേമപ്രവർത്തനങ്ങൾക്കൊക്കെ തടസ്സം നിൽക്കുന്ന ഈ ഗവണ്മെന്റിന്റെ ധനവിനിയോഗ ബില്ലുകളെ എതിർക്കാൻ മാത്രമേ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട പി. കെ. ശ്രീമതി ടീച്ചർ കാസർഗോഡ് ജില്ലാ ആശുപത്രിയുടെ പ്രശ്നങ്ങൾ ഇന്നലെ സംസാരിച്ച സമയത്ത്, അതിന് ബഹുമാനപ്പെട്ട ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി പറഞ്ഞ മറുപടി കാസർഗോഡ് ജില്ലയിലെ ജനങ്ങൾ രാഷ്ട്രീയം കളിക്കുകയാണെന്നും സമരത്തിനുവേണ്ടി പ്രശ്നങ്ങൾ ഉണ്ടാക്കുകയാണെന്നുമാണ്. എന്നാൽ എനിക്ക് ഖേദപൂർവ്വം പറയാനുള്ളത്, കാസർഗോഡ് ജില്ലയിൽ ജനങ്ങൾക്ക് രാഷ്ട്രീയം കളിക്കണമെങ്കിലും സമരം നടത്തണമെങ്കിലും മറ്റ് അനേകം വിഷയങ്ങളുണ്ട്. ഇത് രാഷ്ട്രീയ പ്രശ്നമോ സമരത്തിനുവേണ്ടി തയ്യാറെടുപ്പ് നടത്തുകയോ അല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാസർഗോഡ് ജില്ലയിലെ ജനങ്ങളോട് ബേക്കൽ റിസോർട്ട്സ് സെന്ററിൽവച്ച് ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ ജനങ്ങൾക്ക് സമരം നടത്തണമെങ്കിൽ മറ്റെന്തെങ്കിലും വിഷയം കണ്ടുപിടിക്കേണ്ടിവരും. നവംബർ 30-ന് കാസർഗോഡ് ജില്ലാ ആശുപത്രി ഉദ്ഘാടനം നടത്തും, അതോടൊപ്പം മറ്റൊരു നല്ല കാര്യം കൂടി പറഞ്ഞിരുന്നു. കാസർഗോഡ് ജില്ലയിലെ ജനങ്ങൾ ബുദ്ധിമുട്ട് സഹിക്കേണ്ടിവരും. കാരണം രാവിലെ 9 മണിക്കാണ് ജില്ലാ ആശുപത്രി ഉദ്ഘാടനം ചെയ്യുക. അതുകൊണ്ട് ജില്ലയിലെ ജനങ്ങൾ രാവിലെ വന്ന് സഹകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരുന്നു. ജില്ലാ ആശുപത്രിക്ക് അവശ്യമായിട്ടുള്ള തസ്തികകൾ സൃഷ്ടിക്കുമെന്ന് പ്രഖ്യാപിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി 20 തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് ഉത്തരവിറക്കി. ഏകദേശം 229 തസ്തികകൾ സൃഷ്ടിക്കേണ്ട ജില്ലാ ആശുപത്രിയിൽ 20 തസ്തികകൾ സൃഷ്ടിക്കുകയാണ് ചെയ്തിട്ടുള്ളത്. അതാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി തസ്തിക ആവശ്യത്തിന് സൃഷ്ടിച്ചിട്ടുണ്ടെന്ന് ഇന്നലെ പറഞ്ഞത്. ജില്ലാ ആശുപത്രിയുടെ കംപ്യൂട്ടറിൽ തസ്തികകളുടെ വിശദവിവരം ഫീഡ് ചെയ്തിരുന്നു. എന്നാൽ ഖേദപൂർവ്വം പറയട്ടെ നവംബർ 30-ന് ഉദ്ഘാടനം ചെയ്യാത്തതുകൊണ്ട് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് അതിന് മറുപടി കൊടുത്തു, അത് കംപ്യൂട്ടറിൽ നിന്നുപോലും മായിച്ചുകളയാൻ. ഇത് കാസർഗോഡ് ജില്ലയോട് കാണിക്കുന്ന ഏറ്റവും വലിയ അവഗണനയാണ്. ബഹുമാനപ്പെട്ട സി. ടി. അഹമ്മദ് അലി ജില്ലയോട് അവഗണന കാണിക്കുന്നുവെന്ന് ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവഗണനയുണ്ടെന്ന് ബോദ്ധ്യവുമുണ്ട്. ജില്ലയിലെ എല്ലാ ജനങ്ങളും കക്ഷിരാഷ്ട്രീയത്തിനതീതമായി പറയുന്നു കാസർഗോഡ് ജില്ലയോട് അവഗണന കാണിക്കുന്നുണ്ടെന്ന്. യു.ഡി.എഫിൽപ്പെട്ട മുസ്ലീം ലീഗിന്റെ രണ്ട് എം.എൽ.എ.-മാരും, പ്രതിപക്ഷത്തുള്ള മൂന്ന് എം.എൽ.എ-മാരും അവിടെയുണ്ട്. കാസർഗോഡ് ജില്ലയിലെ യു.ഡി.എഫ്. ഘടകകക്ഷി നേതാക്കൾ ഒത്തൊരുമിച്ച് നിന്നു ആവശ്യപ്പെടുന്നു ജില്ലാ ആശുപത്രിക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്ന്. എന്നാൽപോലും മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും അതിന് തയ്യാറാകുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ പറഞ്ഞതിനും ബദലായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് പറയുന്നു പരിഗണിക്കാമെന്ന്. എന്നാൽ ഇതുവരെ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ ബഹുമാനപ്പെട്ട മന്ത്രിമാർക്ക് കഴിഞ്ഞിട്ടില്ല.

എന്നാൽ ഏറെ പ്രതീക്ഷയോടെ ജനങ്ങൾ കാത്തിരുന്നത് ഓരോ മന്ത്രിസഭായോഗങ്ങളെയാണ്. ഇന്നലെ ആരോഗ്യവകുപ്പുമന്ത്രി പറഞ്ഞു, നാളെ നടക്കുന്ന മന്ത്രിസഭായോഗത്തിൽ തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കുമെന്ന്. മന്ത്രിസഭായോഗം കഴിഞ്ഞു. 50 തസ്തിക സൃഷ്ടിച്ചു. ഇനി 179 കൂടി വേണം. മാർച്ച് 7-ാം തീയതി ഉദ്ഘാടനം നടക്കും. കാസർഗോഡ് ജില്ലയിലെ ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ്മന്ത്രിയും ആരോഗ്യ വകുപ്പ്മന്ത്രിയും മുഖ്യമന്ത്രിയും പറഞ്ഞതിന്റെ അടിസ്ഥാനം സാമ്പത്തിക സ്ഥിതി മോശമാണ്. അതുകൊണ്ട് 100 തസ്തിക സൃഷ്ടിക്കാം, ബാക്കിയുള്ളത് ഘട്ടംഘട്ടമായി സൃഷ്ടിക്കാമെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ നാളെ നടക്കുന്ന മന്ത്രിസഭാ യോഗത്തിൽ 100 തസ്തിക സൃഷ്ടിച്ചുകൊണ്ട് നടപടി സ്വീകരിക്കണമെന്ന് മരിക്കൽകൂടി അഭ്യർത്ഥിക്കുന്നതോടൊപ്പം ഈ ധനവിനിയോഗ ബില്ലുകളെ ഒരിക്കൽ കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിച്ചതിന് ശേഷം ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുകയും മറ്റ് പല പ്രധാനപ്പെട്ട നിർദ്ദേശങ്ങളും പരിഗണിക്കാമെന്ന് വ്യക്തമാക്കുകയും ചെയ്ത ധനകാര്യ വകുപ്പു മന്ത്രിയുടെ സമീപനത്തെ ഞാൻ സ്വാഗതം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകയാണ്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ ഉയർത്തികാട്ടുന്ന കേന്ദ്ര ബഡ്ജറ്റിന്റെ വാർത്തകൾ പുറത്തുവന്നിരിക്കുകയാണ്. അത്ഭുതത്തോടും ആശ്വാസത്തോടും പ്രതീക്ഷയോടും കൂടി കേന്ദ്ര സർക്കാർ ഇന്നലെ അവതരിപ്പിച്ച ബഡ്ജറ്റിനെ എല്ലാവരും ഉറ്റുനോക്കുകയാണ്. നമ്മുടെ രാജ്യത്തെക്കുറിച്ചും മുന്നോട്ടുള്ള പ്രയാണത്തെക്കുറിച്ചും ആത്മവിശ്വാസം ഉളവാക്കുന്ന രീതിയിൽ അവതരിപ്പിക്കപ്പെട്ട ഒരു ബഡ്ജറ്റാണ്. എല്ലാവരും ഇത് എങ്ങനെയാണ് ഇത്ര മംഗിയായി അവതരിപ്പിച്ചതെന്നാണ് ചോദിക്കുന്നത്. അതിന് വളരെ ലളിതമായ ഉത്തരമുണ്ട്. നമ്മുടെ രാജ്യം കണ്ട ഏറ്റവും മികച്ച സാമ്പത്തിക ശാസ്ത്രജ്ഞൻ ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരിക്കുകയും അനുഭവസമ്പത്തുകൊണ്ട് മികച്ച പ്രകടനങ്ങൾ കാഴ്ചവച്ചിട്ടുള്ള ധനകാര്യവകുപ്പ്മന്ത്രി ശ്രീ. പി. ചിദംബരം ആ സ്ഥാനമലങ്കരിക്കുകയും മൊണ്ടേക്സിംഗ് അലുവാലിയയെപോലുള്ള പരിചയസമ്പന്നനായ ഒരാൾ പ്ലാനിംഗ് കമ്മീഷന്റെ ഡെപ്യൂട്ടി ചെയർമാനും സ്വാതന്ത്ര്യാനന്തര ഭാരതം കണ്ട മികച്ച ടീം ഫിനാൻസിലിരിക്കുകയും ചെയ്യുന്ന ഒരു കാലത്ത്, ഇൻഡ്യയിലെ എല്ലാ കാലത്തെയും മികച്ച ഒരു ടീം നമ്മുടെ സമ്പത്ത്വ്യവസ്ഥയെ നിയന്ത്രിക്കുമ്പോൾ ഒരു ബഡ്ജറ്റ് അവതരിപ്പിച്ചാൽ അതിൽ എങ്ങനെ പ്രതിഫലിക്കാതിരിക്കും എന്നതാണ് അതിനുള്ള ഉത്തരം. തീർച്ചയായിട്ടും ഇൻഡ്യ പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന ഒരു ഭാവി സമ്പദ്വ്യവസ്ഥ കരുപിടിപ്പിക്കാനുള്ള ഒരു നേതൃത്വം നമ്മുടെ രാജ്യത്തുണ്ടെന്നുള്ളത് ആശ്വാസകരമാണ്. ഇവിടെ കേന്ദ്ര ബഡ്ജറ്റിനും ഇൻഡ്യയിലെ വിവിധ പ്രദേശങ്ങളിൽ ബഡ്ജറ്റിന് മുൻപും വന്ന പ്രീ ബഡ്ജറ്റ് സാമ്പത്തിക സർവ്വേ കാണിക്കുന്ന സാമ്പത്തിക സൂചകങ്ങൾ പ്രത്യാശാഭരിതമാണ്. ആ സാമ്പത്തിക സർവ്വേയിൽ അധിഷ്ഠിതമായ ബാലൻസ് ചെയ്ത ഒരു ബഡ്ജറ്റാണ്. ഇത് നമ്മുടെ സംസ്ഥാനത്ത് ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ബിൽ പാസ്സാക്കിയതുപോലെ കേന്ദ്രത്തിലും ഫിസിക്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജുമെന്റ് ആക്റ്റ് പാസ്സാക്കിയിട്ടുണ്ട്. അതിന്റെ ഒരുപാട് പരിമിതികൾ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യവകുപ്പ്മന്ത്രിക്കുണ്ട്. സംസ്ഥാനത്തിലായാലും കേന്ദ്രത്തിലായാലും. വളരെ അഗ്രസ്സീവായ ടാക്സ് കളക്ഷൻ ഡ്രൈവ് കൊണ്ട് നോൺ പ്ലാനിലും നോൺ സാലറി എക്സ്പെന്റിച്ചറിലും 10% കട്ട് ഏർപ്പെടുത്തണമെന്നുള്ള നിർദ്ദേശമാണ് ദേശീയ സാമ്പത്തിക സർവ്വേയിൽ പറഞ്ഞിരിക്കുന്നത്. ലാസ്റ്റ് ക്വാർട്ടറിലെ എക്സ്പെന്റിച്ചർ കാര്യമായി കുറയ്ക്കണമെന്നും സാമ്പത്തിക സർവ്വേ സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്രത്തിലും സംസ്ഥാനത്തിലും ബഡ്ജറ്റു തയ്യാറാക്കുമ്പോൾ ധനകാര്യവകുപ്പ്മന്ത്രിമാരുടെ മേലുള്ള സമ്മർദ്ദം വളരെ പ്രധാനപ്പെട്ടതാണ്. നേരത്തെ പറഞ്ഞതുപോലെ ഫിസിക്കൽ റെസ്പോൺസിബിലിറ്റി ബില്ലും ഫിസിക്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജുമെന്റ് ആക്റ്റുമെല്ലാം മാൻഡേറ്ററി ഡെഫിസിറ്റ് റിഡക്ഷൻ ടാർജറ്റിനുവേണ്ടിയുള്ള സമ്മർദ്ദം ധനകാര്യവകുപ്പ്മന്ത്രിയുടെമേൽ ചെലുത്തുകയാണ്. കാരണം നമ്മൾ പോലും ഇപ്പോൾ രണ്ട് വർഷം നീട്ടിചോദിച്ചിരിക്കുകയാണ്. ഫിസിക്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജുമെന്റ് ആക്റ്റിൽ വരുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ റവന്യൂ ഡെഫിസിറ്റ് ഇല്ലായ്മ ചെയ്യാനുള്ള സമയം നീട്ടിചോദിച്ചിരിക്കുകയാണ്. കേന്ദ്രഗവൺമെന്റാണെങ്കിൽ കഴിഞ്ഞ പ്രാവശ്യം ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ തന്നെ അതിന്റെ സമയം 2008-09 വരെയാക്കി എങ്കിലും ഈ കാലയളവിൽ റവന്യൂ ഡെഫിസിറ്റ് തീർച്ചയായും ഇല്ലാതാക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ഓരോ ബഡ്ജറ്റ് തയ്യാറാക്കുമ്പോഴും ചെയ്യേണ്ടിയിരിക്കുന്നു. അതിന്റെ സമ്മർദ്ദം

LIBRARY ARCHIVES Kerala Legislative Assembly

ഒരുവശത്തുള്ളപ്പോൾ തന്നെയാണ് നമ്മുടെ ഗ്രാമീണ സമ്പത്ത്വ്യവസ്ഥ മെച്ചപ്പെടുത്താൻ, സാമൂഹ്യ സേവന മേഖലകൾക്ക് നല്ല പ്രോജക്റ്റുകളുണ്ടാക്കാൻ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ശ്രമിക്കാതെ ആ മേഖലകളിലെല്ലാം വലിയ ഇൻവെസ്റ്റുമെന്റ് ഉണ്ടാക്കാനുള്ള സമ്മർദ്ദം വർദ്ധിച്ചു വരുകയാണ്. നമ്മുടെ നാട്ടിൽ ക്ഷേമരാഷ്ട്രമെന്നുള്ള സങ്കൽപ്പം, പൊതുസ്ഥാപനങ്ങളെ നിലനിർത്താൻ, മാറിവരുന്ന സാമ്പത്തിക വ്യവസ്ഥ നിലനിൽക്കുന്ന കാലഘട്ടങ്ങളിലും ഈ സമ്മർദ്ദങ്ങളെയെല്ലാം അതിജീവിക്കാൻ കേന്ദ്ര ബഡ്ജറ്റിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സംസ്ഥാനങ്ങൾക്ക് കൂടി മാതൃകയാകുന്ന ഒരുപാട് നിർദ്ദേശങ്ങൾ ഇന്നലെ അവതരിപ്പിക്കപ്പെട്ട കേന്ദ്ര ബഡ്ജറ്റിലുണ്ട്. സാമ്പത്തിക വളർച്ചയ്ക്ക് അനുഗുണമാകുന്ന രീതിയിൽ അതിനൊരു പുതിയ മൊമെന്റം കൊടുക്കാൻ കഴിയാവുന്ന രീതിയിലാണ് കേന്ദ്ര ബഡ്ജറ്റിൽ ടാക്സ് അഡ്ജസ്റ്റുമെന്റ് നടത്തിയിട്ടുള്ളത്. വാറ്റ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ സംസ്ഥാന ഗവൺമെന്റുകൾക്ക് ഒരുപാട് പരിമിതികളുണ്ടാകും. എങ്കിലും ടാക്സ് അഡ്ജസ്റ്റുമെന്റുകൾ വളരെ ശാസ്ത്രീയമാകണമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. അതുപോലെ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം യു.പി.എ. ഗവൺമെന്റിന്റെ മിനിമം പരിപാടിയിൽ ഉൾപ്പെട്ടതാണ്. അതെല്ലാം നടപ്പിലാക്കാനുള്ള പ്രതിജ്ഞാബദ്ധമായ നീക്കമുണ്ടായിട്ടുണ്ട്. അതിന്റെയെല്ലാം ഗുണം നമ്മുടെ സംസ്ഥാനത്തിനുമുണ്ടാകും. ഇന്നലെ ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ ഡെൽഹിയിൽ കേരളത്തിൽ നിന്ന് ചർച്ചയിൽ പങ്കെടുത്ത ഇടതുപക്ഷത്തിന്റെ എം.പി.മാരും നേതാക്കൻമാരുമെല്ലാം ഇങ്ങനെയൊരു ജനകീയ ബഡ്ജറ്റ് അവതരിപ്പിക്കാൻ കോൺഗ്രസ് ഗവൺമെന്റിനെയും ധനകാര്യമന്ത്രിയെയും പ്രേരിപ്പിച്ചതിനുള്ള കാരണം ഇടതുപക്ഷം ഈ ഗവൺമെന്റിനെ പിന്തുണയ്ക്കുന്നതുകൊണ്ടും ഇടതുപക്ഷം വച്ച നിർദ്ദേശങ്ങൾകൊണ്ടുമാണ് എന്നുപറഞ്ഞ് ക്രെഡിറ്റ് എടുത്തിരിക്കുകയാണ്. സാധാരണ, ബഡ്ജറ്റ് നന്നായതുകൊണ്ട് അതിന്റെ മുഴുവൻ ക്രെഡിറ്റും വേണമെന്നാണ് എൽ.ഡി.എഫ്. അവകാശപ്പെടുന്നത് അങ്ങനെയാണെങ്കിൽ കഴിഞ്ഞയാഴ്ച ഇറക്കിയ റെയിൽവേ ബഡ്ജറ്റിന്റെ കാര്യത്തിൽ ഈ ക്രെഡിറ്റ് ഇടതുപക്ഷ എം.പി.മാർ ആരും എടുക്കുന്നത് കണ്ടില്ല. മറിച്ച് റെയിൽവേ ബഡ്ജറ്റ് വന്നപ്പോൾ അതിന്റെ മുഴുവൻ ആക്ഷേപവും സംസ്ഥാന സർക്കാരിന്റെ ചുമലിൽ കെട്ടിവയ്ക്കുകയാണുണ്ടായത് കേന്ദ്ര ബഡ്ജറ്റിലെ ജനകീയ പരിപാടികൾ ഇൻഡ്യയുടെ ഗ്രാമീണ സമ്പത്ത്വ്യവസ്ഥയുടെ വളർച്ചയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സർവ്വീസ് സെക്ടറിനും ഉതകുന്നവയാണ്. ഫ്രീ ബഡ്ജറ്റ് ഡിസ്കഷന്റെ സമ്മർദ്ദം കൊണ്ടാണ് എന്നുള്ള അവകാശവാദം ഇരട്ടത്താപ്പാണ് എന്നുമാത്രമേ ഞാൻ അതിനെപ്പറ്റി സൂചിപ്പിക്കുന്നുള്ളു. ഇന്നലെ അവതരിപ്പിച്ച ബഡ്ജറ്റിലും സംസ്ഥാനത്ത് അവതരിപ്പിച്ച ബഡ്ജറ്റിലുമെല്ലാം പ്രതിഫലിക്കുന്നത് ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ സാമ്പത്തിക നയങ്ങൾ തന്നെയാണ്. ഗ്രാമീണ ഭാരതത്തിന്റെ ഉയർച്ചയാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മുതലുള്ളവർ അവതരിപ്പിച്ച എല്ലാ ബഡ്ജറ്റുകളിലും റിഫ്ളെക്റ്റ് ചെയ്തിരിക്കുന്നത് റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീമും അതുപോലെ റൂറൽ ഇക്കോണമിയുടെ വളർച്ചയ്ക്ക് വേണ്ടിയുള്ള പദ്ധതികളും ആദ്യമായിട്ടല്ല കേന്ദ്ര ഗവൺമെന്റ് അവതരിപ്പിക്കുന്നത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ കാലത്തെ നെഹ്റുവിന്റെയും ശാസ്ത്രിയുടെയും ഇന്ദിരാഗാന്ധിയുടെയും ശ്രീ. നരസിംഹ റാവുവുന്റെയും ഒക്കെ കാലത്ത് എന്തെല്ലാം പദ്ധതികളാണ് നാം നടപ്പിലാക്കിയത്. ഐ.ആർ.ഡി.പി, എൻ.ആർ.ഇ.പി, പി.എം.ആർ.വൈ,

LIBRARY ARCHIVES Kerala Legislative Assembly

ആർ.എൽ.ഇ.ജി.പി, നെഹ്റു റോസ്ഗാർ യോജന തുടങ്ങി ഇൻഡ്യയുടെ ഗ്രാമീണ സമ്പത്ഘടനയുടെ മുഖച്ഛായ മാറ്റുന്നതിനു വേണ്ടിയുള്ള നിരവധി കേന്ദ്രാവിഷ്കൃത പദ്ധതികൾ കോൺഗ്രസ് കൊണ്ടുവന്നിട്ടുണ്ട്. അതെല്ലാം കോൺഗ്രസിന്റെ സാമ്പത്തികനയങ്ങൾ പ്രതിഫലിക്കുന്ന ബഡ്ജറ്റാണ്. ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്കാണ് ഞങ്ങൾ എന്നും നിൽക്കുന്നത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ ഏത് കോൺഗ്രസ് ഗവൺമെന്റാണ് പിന്നോട്ട് നിന്നത് ?

അദ്ധ്യക്ഷ വേദിയിൽ മി. ചെയർമാൻ ശ്രീ. തോമസ് ചാഴികാടൻ : സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ മുഴുവൻ ജനങ്ങളെയും തീറ്റിപ്പോറ്റിയിരുന്ന പഞ്ചാബിലെയും ഹരിയാനയിലെയും പാടശേഖരങ്ങളിൽ ജലസേചനം നടത്താൻ പണ്ഡിറ്റ്ജി കൊണ്ടുവന്ന ഭക്രാനംഗൽ അണക്കെട്ടിനെപ്പറ്റി എല്ലാവർക്കും അറിയാം. ഒരു നിരീശ്വരവാദികൂടിയായിരുന്ന പണ്ഡിറ്റ്ജി ഭക്രാനംഗൽ അണക്കെട്ട് ഉദ്ഘാടനം ചെയ്യാൻ വന്നിട്ട്, അദ്ദേഹം അവിടെ ആനന്ദാശ്രുപൊഴിച്ചുവെന്നാണ് ചരിത്രത്തിൽ പറയുന്നത്. ഇതാണ് എന്റെ ഈശ്വരനെന്നും ഇതാണ് എന്റെ ദേവാലയമെന്നും പറഞ്ഞ് അഭിമാനം കൊണ്ട ഒരു വികസന പാരമ്പര്യമുള്ള പ്രസ്ഥാനമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്. ആ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്പദ് വ്യവസ്ഥയുടെ വികസന നയം കൊണ്ട് വന്ന ആളുകളാണ് ഞങ്ങൾ.

ശ്രീ. സി. കെ. നാണു : പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സ്വീകരിച്ച സാമ്പത്തിക നയങ്ങളോട്, പൊതുമേഖലാസ്ഥാനപങ്ങളോട് താങ്കളുടെ കക്ഷി യോജിക്കുന്നുണ്ടോ ?

ശ്രീ. വി. ഡി. സതീശൻ : പണ്ഡിറ്റ്ജി കൊണ്ടുവന്ന സാമ്പത്തിക നയങ്ങളെ അന്ന് വിമർശിക്കുകയും ഇന്ന് അതിൽ നിന്ന് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ഇന്ത്യൻ നാഷണൽ കോൺഗ്രസ് മുന്നോട്ട് പോകുമ്പോൾ ആ നയങ്ങളെ എതിർക്കുന്ന ഇരട്ടത്താപ്പ് നയമാണ് അങ്ങയുടെ പാർട്ടിയായ ജനതാദൾ ഉൾപ്പെടെ നിങ്ങളുടെ ഗവൺമെൻറ് ഭരിച്ച കാലത്തുണ്ടായിരുന്നത്. ഞങ്ങൾ കാലാനുസൃതമായ മാറ്റങ്ങൾ ഈ സാമ്പത്തിക മേഖലയിൽ വരുത്തിയിട്ടുണ്ട്. സാമ്പത്തിക വളർച്ചയുടെ നേട്ടങ്ങൾ എല്ലാ ഭാഗത്തും എത്തിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഫോറിൻ ഡയറക്ട് ഇൻവെസ്റ്റുമെന്റാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യമായി ദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെടുന്നത്. ഫോറിൻ ഡയറക്ട് ഇൻവെസ്റ്റുമെന്റ് വേണമെന്ന് ഈ ബഡ്ജറ്റിൽ പറയുന്നുണ്ട്. 26 മുതൽ 49 ശതമാനം വരെ ഇൻഷ്വറൻസ് സെക്ടറിൽ ഫോറിൻ ഡയറക്ട് ഇൻവെസ്റ്റുമെന്റ് ഉണ്ടായപ്പോഴാണ് എൽ. ഡി. എഫ്. സർക്കാർ അതിനെ എതിർത്തത്. പക്ഷേ അവരുടെ പിന്തുണ നിലനിർത്തിക്കൊണ്ടുതന്നെ ഞങ്ങൾ നിർമ്മാണ മേഖലയിൽ 100 ശതമാനം ഫോറിൻ ഡയറക്ട് ഇൻവെസ്റ്റുമെന്റ് (എഫ്. ഡി. ഐ.) നടപ്പിലാക്കി. ഇനി ബഡ്ജറ്റ് ചർച്ചാവേളയിൽ എൽ. ഡി. എഫ്. കൊടുത്ത നിർദ്ദേശങ്ങൾ അവിടെ ഇമിക്കുമ്പോൾതന്നെ മൈനിംഗിലും റിട്ടെയിൽ മാർക്കറ്റിംഗിലും പെൻഷൻ മേഖലകളിലും ഫോറിൻ ഡയറക്ട് ഇൻവെസ്റ്റുമെന്റ് നടപ്പിലാക്കാനുള്ള തീരുമാനവുമായി ഈ ഗവൺമെൻറ് മുന്നോട്ടുപോവുകയാണ്. നമ്മുടെ ടെക്നോളജി നന്നാകണം. കൂടുതൽ ഇൻവെസ്റ്റുമെന്റ് ഉണ്ടാകണം. പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ മൊണ്ടേസിംഗ് അലുവാലിയ പറഞ്ഞ ഒരു അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. വിദേശ കരുതൽ നിക്ഷേപം എന്നു പറയുന്നത് ഫോറിൻ എക്സചേഞ്ച് റിസർവ്. 126.9 മില്യൺ ഡോളറാണ്. അതിൽ ഒരു ചെറിയ ശതമാനം ഇൻഫ്രാസ്ട്രക്ചർ സെക്ടറിലേയ്ക്ക്. തിരിച്ചുവിടണമെന്ന അദ്ദേഹത്തിന്റെ അഭിപ്രായം ഈ ബഡ്ജറ്റിൽ സ്ഥാനം പിടിച്ചിരിക്കുന്നു. വിശദമായ ചർച്ചയും, പ്രീബഡ്ജറ്റ് ഡിസ്ക്കഷനും നടത്തി ഇന്ത്യയുടെ യഥാർത്ഥ സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കൃത്യമായ കണക്ക് ബോദ്ധ്യം വരുത്തിക്കൊണ്ടാണ് ഗവൺമെൻറ് മുന്നോട്ട് പോകുന്നത്. ബഡ്ജറ്റ് ചർച്ചയിൽ ഉയർന്നു വന്ന ഒരു ആവശ്യം ഉണ്ട്. എന്താണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്? വിദേശ നിക്ഷേപം ആകർഷിക്കുന്നതിൽ ചൈനയുടെ പ്രായോഗികത ഇന്ത്യ മാതൃകയാക്കണമെന്നാണ് ധനമന്ത്രി പറഞ്ഞിരിക്കുന്നത്. അതിന്റെ അർത്ഥം ഇനിയെങ്കിലും ഇവർ പഠിക്കണം എന്നുള്ള സൂചനയാണ്. കാർഷിക മേഖലയാണ് രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട മേഖല. ഇതിനകത്ത് ഒരുപാട് വൈവിദ്ധ്യവൽക്കരണം നടത്തണം. തുടർന്നുള്ള കാര്യങ്ങളിലും സബ്സിഡിയും താങ്ങുവിലയും കൊടുത്തുകൊണ്ട് ഉല്പന്നങ്ങളെ സംരക്ഷിക്കാനുള്ള സർക്കാരിന്റെ ബാധ്യത നിലനിൽക്കുമ്പോൾ തന്നെ കാർഷിക മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തണം. എന്ത് മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്? ആ മാറ്റങ്ങൾ ഉണ്ടായത് കാണാതെ പരമ്പരാഗതമായ രീതിയിൽ സബ്സിഡി കൊടുത്തുകൊണ്ടുള്ള അപ്രോച്ചാണ് ഇപ്പോൾ നടക്കുന്നത്.

ശ്രീ. കെ. സി. രാജാസഫ് : സർ, കുട്ടനാട്ടിലെയും പാലക്കാട്ടിലെയും നെല്ലിന്റെ കാര്യം ചർച്ച ചെയ്തു. ഒരുഭാഗത്ത് നെൽക്കൃഷിയുടെ ഏരിയ കുറയുന്നതിനെതിരെ സമരം ചെയ്യുമ്പോൾ ഉല്പാദിപ്പിക്കുന്ന നെല്ല് പോലും ആളുകൾ വാങ്ങുന്നില്ലെന്ന യാഥാർത്ഥ്യം മറുഭാഗത്ത് നിലനിൽക്കുന്നു. ഇതൊരു വൈരുദ്ധ്യാത്മകമായ കാര്യമാണ്. നെൽക്കൃഷിയുടെ ഏരിയ കുറയുകയും ഉണ്ടാക്കുന്ന നെല്ല് ആളുകൾ വാങ്ങാതെയുമിരിക്കുന്നു. ഇത് കേരളത്തിലെ ഉല്പാദനത്തിൽ ഉണ്ടാകുന്ന ചെലവിന്റെ കൂടുതൽ കൊണ്ടാണ്. അതിന് ഒരു പുനരാലോചന വേണ്ടതല്ലേ?

ശ്രീ. വി. ഡി. സതീശൻ : തീർച്ചയായും കാലാനുസൃതമായ സമീപനം കാർഷിക മേഖലയിൽ ഉണ്ടാകണം. ദേശീയ തലത്തിൽ തന്നെ അതിന് വലിയ മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കാരണം വേൾഡ് പോപ്പുലേഷനിൽ ലോകത്തെ ജനസംഖ്യ സ്റ്റെബിലൈസ് ചെയ്തു കൊണ്ടിരിക്കുകയാണ്. അപ്പോൾ നമ്മുടെ ഡിമാന്റ് കുറയുന്നു; പ്രൊഡക്ഷൻ കൂടിക്കൊണ്ടിരിക്കുകയാണ്. പല കാർഷിക ഉല്പന്നങ്ങളുടെയും പ്രൊഡക്ഷൻ കൂടുകയും ഡിമാന്റ് സ്റ്റാഗ്നന്റായി നിൽക്കുകയും ചെയ്യുകയാണ്. ഉദാഹരണത്തിന് രാജസ്ഥാനിൽ ബജറ എന്ന ധാന്യത്തിന് കഴിഞ്ഞ വർഷം ബംബർ ക്രോപ്പുണ്ടായി. പക്ഷേ അത് വാങ്ങാൻ ആളുകൾ ഉണ്ടായിരുന്നില്ല. വലിയ വിലയിടിവാണ് ഉണ്ടായത്. കർഷകരെ മുഴുവൻ ദുഃഖത്തിലാഴ്ത്തുന്ന, അവരെ മുഴുവൻ ആത്മഹത്യയിലേയ്ക്ക് കൊണ്ടുചെന്നെത്തിക്കുന്ന തരത്തിലുള്ള വലിയ വിലയിടിവ് ബജറയുടെ കാര്യത്തിൽ ഉണ്ടായി. അങ്ങനെ ഒരുപാട് മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എവിടെയാണ് കോൺസൺട്രേറ്റ് ചെയ്യേണ്ടത്, ഏതിനാണ് നമ്മൾ പ്രയോറിറ്റി കൊടുക്കേണ്ടത്? ഏത് കാർഷിക ഉല്പന്നത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടത്? ഓർഗാനിക് 'അഗ്രികൾച്ചറിലേയ്ക്കും മറ്റ് മേഖലകളിലേയ്ക്കും നമ്മൾ മാറിക്കൊണ്ടിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയാണ്. ഉദാഹരണമായിട്ട് ബയോ ഡീസൽ ജട്രോപാ എന്നു പറയുന്ന പുതിയ ഒരു പ്ലാന്റാണ് രാജസ്ഥാനിലെ ഉദയപ്പൂരിൽ പരീക്ഷിച്ചത്; അതായത് ഡീസലിന് പകരം ഉപയോഗിക്കാവുന്ന ഒരു ഉല്പന്നം കിട്ടുന്ന തരത്തിലുള്ള ജട്രോപാ എന്നു പറയുന്ന പ്ലാന്റ്. അങ്ങനെ ഒരുപാട് വൈവിദ്ധ്യവൽക്കരണം ഈ മേഖലകളിലെല്ലാം നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ കാർഷിക മേഖലയുടെ സമീപനത്തിലും വളരെ ഗുണമവതരമായ മാറ്റം വേണം. എനിക്കുള്ള ഒരു നിർദ്ദേശം എല്ലാ ബഡ്ജറ്റിന് മുമ്പായിട്ടും പ്രീ-ബഡ്ജറ്റ് ഡിസ്കഷൻ നടക്കാറുണ്ട്. സാധാരണ വ്യാപാരി-വ്യവസായികൾ, ചെറുകിട വ്യവസായ സംരംഭകർ, വൻകിട വ്യവസായികൾ, റബ്ബർ കൃഷിക്കാർ, നെൽക്കൃഷിക്കാർ തുടങ്ങിയ സമ്മർദ്ദ ഗ്രൂപ്പുകളും ഓർഗനൈസ്ഡ് ഗ്രൂപ്പുകളും അൺ ഓർഗനൈസഡ് ഗ്രൂപ്പുകളും വ്യക്തികളും എല്ലാവരും വന്ന് ധനകാര്യ വകുപ്പു മന്ത്രിയെ കാണും. എല്ലാവരും പറയുന്നത് എന്താണ് ?

ശ്രീ. മത്തായി ചാക്കോ : സെക്ഷൻ 153(6) പ്രകാരം ഒരു ധനവിനിയോഗ ബിൽ നിലവിലുള്ള ഒരു സർവ്വീസിനെ സംബന്ധിച്ച് സപ്ലിമെന്ററി ഗ്രാന്റിനെ സംബന്ധിച്ചുള്ളതാണെങ്കിൽ, അതിൽ ഉൾപ്പെടുന്ന ഇനങ്ങളിൽ മാത്രം ചർച്ച ഒതുക്കി നിർത്തേണ്ടതും മൂലഗ്രാന്റിനെയോ അതിന് ആധാരമായിട്ടുള്ള നയത്തെയോസംബന്ധിച്ച് ചർച്ച ചെയ്യപ്പെടുന്ന പ്രത്യേക ഇനത്തെ വിശദീകരിക്കാനോ വിവരിക്കുന്നതിനോ ആവശ്യമായേക്കാവുന്നിടത്തോളം ഒഴികെ യാതൊരു ചർച്ചയും ഉന്നയിക്കാൻ പാടുള്ളതല്ല. സെക്ഷൻ 153 (4), (6) പ്രകാരം കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. അത് അങ്ങ് നിയന്ത്രിക്കണം.

മി. ചെയർമാൻ : ശ്രീ മത്തായി ചാക്കോയാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുക.

ശ്രീ. മത്തായി ചാക്കോ : ചർച്ച നിയന്ത്രിക്കണം. ധനവിനിയോഗ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യണം. ധനം ദുരുപയോഗം ചെയ്യുന്നതിനെക്കുറിച്ച് ചർച്ച ചെയ്യണമോ ? അങ്ങ് ഇടപെട്ട് സെക്ഷൻ 153 (6) പ്രകാരം ചർച്ച നിയന്ത്രിക്കുമോ.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ ധനകാര്യ പ്രശ്നങ്ങളാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. കേന്ദ്ര ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന കാര്യങ്ങളിലേയ്ക്ക് അദ്ദേഹം വന്നു കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ : ഇന്ന് നമ്മുടെ സംസ്ഥാനത്ത് ധനവിനിയോഗ ബിൽ ചർച്ച ചെയ്യുമ്പോൾ ഇന്നലെ കേന്ദ്രത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് നമ്മുടെ ബഡ്ജറ്റിലേയ്ക്കുള്ള ചില നിർദ്ദേശങ്ങൾ ബഡ്ജറ്റിന്റെ റിപ്ലൈ സ്പീച്ച് ഒക്കെ കഴിഞ്ഞതാണ്; ഇത് ധനവിനിയോഗ ബില്ലാണ്, സാമ്പത്തിക വ്യവസ്ഥയിലേയ്ക്കും അതിന്റെ ചില പ്രശ്നങ്ങളിലേയ്ക്കും കടന്നു ചെല്ലുന്നത് വിഷയത്തിൽ നിന്നു പോവുകയാണെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മെമ്പർ മത്തായി ചാക്കോ അടക്കം കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ ഓരോ വിഷയത്തിലും നടത്തിയിരിക്കുന്ന പ്രകടനം ഓർക്കുമല്ലോ? ഞാൻ ഏതായാലും വിഷയത്തിൽ നിന്നു പോകുന്നില്ല. എനിക്ക് സൂചിപ്പിക്കാനുള്ളത് വ്യവസായ ഗ്രൂപ്പുകൾ പ്രീ-ബഡ്ജറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചക്ക് വരുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രിയോട് പറയുന്നത് അവരുടെ ഏരിയായിൽ ടാക്സ് റിബേറ്റ് കൊടുക്കണമെന്നാണ്. അല്ലെങ്കിൽ അവർ വഹിക്കുന്ന ബേർഡൺ മറ്റ് ഏതെങ്കിലും സെക്ടറിലേക്ക് മാറ്റികൊടുക്കണമെന്നാണ്. സാധാരണ ചിലപ്പോൾ സമ്മതിക്കും ചിലപ്പോൾ സമ്മതിക്കുകയില്ല. അതിനു പകരം നമുക്ക് ഫലപ്രദമായ പ്രീ-ബഡ്ജറ്റ് ഡിസ്ക്കഷൻ വരണം. കാരണം ടാക്സ് റിബേറ്റിന്റെ കാര്യത്തിൽ ഇനി ഒരു പുതിയ സാമ്പത്തിക വ്യവസ്ഥയ്ക്ക് പ്രസക്തിയില്ല. കാരണം വാറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതോടുകൂടി തന്നെ ടാക്സ് ഓരോ ഷെഡ്യൂളിലും പെട്ടുകഴിഞ്ഞു. ഇപ്പോൾ ഉദ്യോഗസ്ഥർക്കോ ഗവൺമെന്റിനോ ഇഷ്ടംപോലെ 4 ശതമാനമെന്നുള്ളത് 6 ശതമാനമോ അല്ലെങ്കിൽ 12.5% ത്തിൽനിന്ന് നാല് ശതമാനത്തിലേക്ക് മാറ്റാൻ കഴിയുകയില്ല. അതിന് പരിമിതികളുണ്ട്. ഏതെല്ലാം മേഖലകളിലാണ് പ്രാധാന്യം കൊടുക്കേണ്ടത് എന്ന് വിശദമായി ചർച്ച ചെയ്യപ്പെടുന്ന ഒരു പ്രീ-ബഡ്ജറ്റ് ഡിസ്ക്കഷൻ ഉണ്ടാകണം. ഓരോ മേഖലയിൽ നിന്ന് വരുന്ന ആളുകൾ തങ്ങളുടെ ഏരിയായിൽ നിന്നു എങ്ങനെയാണോ റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നത് എന്നുള്ള പുതിയ നിർദ്ദേശങ്ങൾ ധനകാര്യവകുപ്പ്മന്ത്രിക്ക് കൊടുക്കാൻ കഴിയണം. അനോമലികൾ പരിഹരിച്ചുകൊണ്ട്, അവരുടെ അഭിപ്രായവ്യത്യാസങ്ങൾ നടപ്പിലാക്കുന്ന സിസ്റ്റത്തിന്റെ കുറവുകൾ പരിഹരിച്ചുകൊണ്ട് തന്നെ കൂടുതൽ വരുമാനം അതാത് മേഖലകളിൽ ഉണ്ടാക്കുന്നതിനുള്ള സംവിധാനം വേണം. ബഡ്ജറ്റ് തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള കൺവെൻഷണൽ മെത്തേഡ് മാറിക്കൊണ്ടിരിക്കുന്ന ഈ സാമ്പത്തിക സാഹചര്യം മാറ്റണമെന്നാണ് എനിക്കുള്ള നിർദ്ദേശം. ടാക്സിന്റെ കാര്യത്തിൽ ഷെഡ്യൂളുകൾ ഇത്രയും കൃത്യമായി വരുമ്പോൾ ഏതെല്ലാം മേഖലകളിലാണ് ത്രസ്റ്റ് കൊടുക്കേണ്ടത് എന്നുള്ള കാര്യത്തിലേയ്ക്ക് സുചിന്തിതമായ തീരുമാനം എടുക്കാനുള്ള പ്രീ-ബഡ്ജറ്റ് ഡിസ്ക്കഷന്റെ കാലഘട്ടമാണ് ഇനി വരുന്നത്. ആ കാര്യത്തിൽ ഈ ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് വിനയപൂർവ്വം സൂചിപ്പിക്കാനുള്ളത്. ഇവിടെ ഇന്നലെ സംസാരിച്ച പല മെമ്പർമാരും സൂചിപ്പിച്ചതുപോലെ മൂല്യവർദ്ധിത നികുതി സമ്പ്രദായം ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള ഷെഡ്യൂൾ വരുമ്പോൾ ഏതെല്ലാം മേഖലകളിൽ നിന്നാണ് പരാതി വന്നതെന്ന് ചർച്ച ചെയ്യണം. ചില സംഘടനകളുടെ പരാതികളൊക്കെ ചർച്ച ചെയ്തു. എനിക്ക് തോന്നുന്നത് നൂറ്റിമുപ്പത്തിയാറ് രാജ്യങ്ങളിൽ വാറ്റ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട് എന്നാണ്. നമ്മുടെ രാജ്യത്ത് എല്ലാ സ്ഥലങ്ങളിലും ഏപ്രിൽ ഒന്നു മുതൽ ഇത് നടപ്പിലാക്കുവാൻ പോകുകയാണ്. ഇത് ഒറിജിനേറ്റ് ചെയ്തു വന്ന സാഹചര്യം എല്ലാവർക്കും അറിയാം. ബംഗാൾ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ജ്യോതിബസു ഉൾപ്പെടെയുള്ളവർ പങ്കെടുത്ത ആദ്യത്തെ മീറ്റിംഗിലാണ് ആദ്യത്തെ ചർച്ച വന്നത്. അതിനുശേഷം ബംഗാളിലെ ധനകാര്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. അസീംദാസ് ഗുപ്ത ചെയർമാനായിട്ടുള്ള എമ്പവേർഡ് കമ്മിറ്റി, നമ്മുടെ ധനകാര്യവകുപ്പ്മന്ത്രിയായിരുന്ന ശ്രീ. കെ. ശങ്കരനാരായണൻ ഉൾപ്പെടെയുള്ള ആളുകൾ, ഇന്ത്യയിലെ മുഴുവൻ ധനകാര്യ വകുപ്പു മന്ത്രിമാരും ചർച്ചകളിലെല്ലാം പങ്കെടുത്ത് സംസ്ഥാനങ്ങളുടെ താല്പര്യങ്ങളെല്ലാം സൂചിപ്പിച്ചതാണ്. ആദ്യവർഷം ഉണ്ടാകുന്ന നഷ്ടം നികത്തിത്തരാനുള്ള ബാദ്ധ്യത കേന്ദ്ര ഗവൺമെന്റിനുണ്ട്. തീർച്ചയായിട്ടും നിലവിലുള്ള സിസ്റ്റം മാറി ഒരു പുതിയ സിസ്റ്റം ഇൻട്രൊഡ്യൂസ് ചെയ്യുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വാഭാവികമായി ഉണ്ടാകുന്ന ഉത്കണ്ഠയും പ്രശ്നങ്ങളുമെല്ലാം എല്ലാ വിഭാഗങ്ങൾക്കുമുണ്ട്. കാരണം കുറച്ചുകൂടി കർശനമായ നിർദ്ദേശങ്ങളാണ് വാറ്റ് സമ്പ്രദായത്തിൽ സൂചിപ്പിക്കുന്നത്. ടാക്സ് കൃത്യമായി കൊടുക്കുന്ന, ഫെയറായി ടാക്സ് കൊടുക്കുന്ന ഒരു കച്ചവടക്കാരനും ഒരു വ്യാപാരിക്കും ഒരു പ്രശ്നവും വാറ്റ് വ്യവസ്ഥയിൽ ഉണ്ടാകുന്നില്ല. മറിച്ച് അവർ വളരെ സേഫ് ആകുകയാണ്. ടാക്സ് ഇവേഷൻ നടത്തുന്ന ആളുകളെ സംബന്ധിച്ചിടത്തോളം വലിയ ബുദ്ധിമുട്ടുണ്ടാകും. വാല്യു ആഡഡ് സിസ്റ്റം വരുമ്പോൾ ഒരുമിച്ച് ടാക്സ് കൊടുക്കുന്നതിനു പകരം മൂല്യ വർദ്ധിത അനുബന്ധ സ്ഥലത്തു മാത്രം, വ്യത്യസ്ത സ്ഥലങ്ങളിൽ ടാക്സ് കൊടുക്കുന്ന ഒരു സമ്പ്രദായം വരുകയാണ്. നമുക്ക് ആദ്യമാണ് വളരെ സങ്കീർണ്ണമായിട്ടുള്ള ഒന്നാണെന്ന് തോന്നുമെങ്കിലും പ്രായോഗികമായി നടപ്പിലാക്കുമ്പോൾ അത് കുറച്ചു ബുദ്ധിമുട്ട് ഉണ്ടാക്കുമെങ്കിലും നികുതി സമ്പ്രദായത്തിനും ശേഖരണത്തിനും കർശനമായ ഒരു ചട്ടക്കൂട് ഈ സമ്പ്രദായത്തിലൂടെ ഉണ്ടാകും. അതിനുള്ള അനോമലികൾ പരിഹരിക്കാൻ നാം തയ്യാറാകണം. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് വ്യാപാരികളുമായി കുറച്ചുകൂടി ചർച്ചകളാകണം. അതിന് തയ്യാറാണെന്ന് മാവിലെതന്നെ അദ്ദേഹം സൂചിപ്പിച്ചു. അവരുടെ ഉത്കണ്ഠയും സംശയവും ദൂരീകരിച്ചു കൊടുക്കുവാൻ കഴിയാവുന്ന തരത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നിടത്തോളം നിരന്തരമായി ചർച്ചകൾ നടത്തുകയും ഉദ്യോഗസ്ഥരുടെ അവിഹിതവും അമിതവുമായ ഇടപെടലുകൾ ഉണ്ടാകുമെന്നുള്ള അവരുടെ സംശയം ദൂരീകരിക്കാനും നമുക്ക് കഴിയണം. ഇതിനകത്ത് ഉണ്ടായിരിക്കുന്ന സംശയമെന്നു പറയുന്നത് അതാണ്. അപ്പുറത്തിരിക്കുന്ന മെമ്പർമാർപോലും വാറ്റ് സമ്പ്രദായം നടപ്പാക്കുന്നതിന് എതിരായ നിലപാടെടുക്കുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം അവർ ഉൾപ്പെട്ട സംസ്ഥാനങ്ങളിലെ ധനകാര്യവകുപ്പുമന്ത്രിമാരുടെയും മുഖ്യമന്ത്രി മാരുടെയും എല്ലാവരുടേയും നിർദ്ദേശത്തോടുകൂടി വന്ന ഒരു കാര്യമാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് കർശനമായ ഒരു സമ്പദ് വ്യവസ്ഥ രൂപീകരിക്കുന്നതിനും ആശാവഹമായ രീതിയിൽ കേന്ദ്രത്തിലും ഇന്ത്യയിലൊട്ടാകെ ഉണ്ടായതുപോലെ നമ്മുടെ സംസ്ഥാനത്തും സാമ്പത്തിക സൂചകങ്ങൾ കൂടുതൽ നല്ല രീതിയിൽ മാറ്റിയെടുക്കുന്നതിനു വേണ്ടിയിട്ടും റവന്യൂ കമ്മി തീരെ ഇല്ലാതാക്കിയെടുക്കുവാൻ വേണ്ടിയിട്ടുമുള്ള സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് മുന്നോട്ടുപോകുവാനുള്ള ഒരു സമീപനം ഈ സർക്കാരിനുള്ളതുകൊണ്ട് ഞാൻ ഈ ബില്ലുകളെ അനുകൂലിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ധനവിനിയോഗ ബില്ലുകളെ ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ ദിവസം കേന്ദ്ര ഗവൺമെന്റിനു വേണ്ടി കേന്ദ്ര ധനകാര്യ മന്ത്രി ശ്രീ. പി. ചിദംബരം അവതരിപ്പിച്ചത് ജനകീയ ബഡ്ജറ്റായിരുന്നു. ഇന്ത്യയിലേയും വിദേശ രാജ്യങ്ങളിലേയും ജനങ്ങൾ വളരെയേറെ സന്തോഷത്തോടുകൂടിയാണ് ആ ബഡ്ജറ്റിനെ സ്വാഗതം ചെയ്തത്. ഇന്ത്യയ്ക്ക് നല്ല പ്രതീക്ഷ നല്കുന്ന, പ്രത്യേകിച്ച് രാജ്യത്തിന്റെ വികസനത്തിനും അതോടൊപ്പംതന്നെ ഗ്രാമീണ കാർഷിക മേഖലകളിൽ സർവ്വതോന്മുഖമായ പുരോഗതിക്കും സാമ്പത്തിക

1 p.m.

LIBRARY ARCHIVES Kerala Legislative Assembly

രംഗത്ത് വമ്പിച്ച മുന്നേറ്റത്തിലേയ്ക്കുള്ള തുടക്കവുമാണ് ഇന്നലെ ഈ ബഡ്ജറ്റിലൂടെ കേന്ദ്രഗവൺമെന്റ് രാജ്യത്തിന് സമർപ്പിച്ചത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ വളരെ വിശദമായി ഇന്നലെ കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഈ ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം നമുക്ക് അറിയാം. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിട്ടുള്ള ഗവൺമെന്റിനുവേണ്ടി അന്നത്തെ ധനകാര്യ വകുപ്പു മന്ത്രി ശ്രീ കെ. ശങ്കര നാരായണനും ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിട്ടുള്ള ഈ ഗവൺമെന്റിനു വേണ്ടി ധനകാര്യ വകുപ്പു മന്ത്രി ശ്രീ. വക്കം പുരുഷോത്തമനും വളരെയേറെ പ്രതീക്ഷയോടുകൂടിയാണ് ഈ സഭയിൽ ബജറ്റുകൾ അവതരിപ്പിച്ചിട്ടുള്ളത്. കാരണം സാധാരണക്കാരന് യാതൊരു വിധത്തിലുള്ള അധിക നികുതിയും ചുമത്താതെ വളരെയേറെ ജനകീയ ബജറ്റുകളായിരുന്നു ഈ നാല് ബജറ്റിലൂടെ ഈ സംസ്ഥാനത്തിനു നല്കിയത്. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റ് അധികാരം വിട്ട് ഈ ഗവൺമെന്റ് അധികാരം ഏറ്റെടുക്കുമ്പോൾ, 2001-ൽ ഐക്യ ജനാധിപത്യ മുന്നണി അധികാരം ഏറ്റെടുക്കുമ്പോൾ കേരളത്തിന്റെ സാമ്പത്തിക നില വളരെയേറെ സങ്കീർണ്ണമായിരുന്നു. ഏറ്റവും വലിയ കടബാധ്യതയോടു കൂടിയാണ് ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്തത്. അന്ന് വാസ്തവത്തിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കുവാൻപോലും കാശില്ലാതെ വായ്പയെടുത്തു കൊടുക്കേണ്ട അവസ്ഥയായിരുന്നു കേരളത്തിലുണ്ടായിരുന്നത്. ആ സ്ഥിതി വരാതിരിക്കുവാൻ സാമ്പത്തിക അച്ചടക്കം പാലിക്കുവാൻ വേണ്ടിയാണ് ശ്രമിക്കുന്നത് എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി ഇന്നലെ സഭയിൽ പറഞ്ഞത് വളരെ പ്രശംസനീയമാണ്. അതുകൊണ്ട് അച്ചടക്കം തീർച്ചയായും പാലിക്കേണ്ടതുണ്ട്; നമ്മുടെ ധനസ്ഥിതി കുറേക്കൂടി മെച്ചപ്പെടേണ്ടതുണ്ട്. അതിന് നല്ല രീതിയിൽ ഈ വകുപ്പിന് നേതൃത്വം കൊടുക്കുന്നതുകൊണ്ട് അദ്ദേഹത്തെ അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. അതുപോലെതന്നെ മറ്റൊരു കാര്യം സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് വരൾച്ച അതിരൂക്ഷമായിക്കൊണ്ടിരിക്കുന്നതിനെപ്പറ്റിയാണ്. കഴിഞ്ഞ വർഷങ്ങളിൽ ജനുവരി, ഫെബ്രുവരി മാസങ്ങളോടുകൂടി വരൾച്ചാ ദുരിതാശ്വാസത്തിന് എല്ലാ ജില്ലകൾക്കും ഫണ്ട് അനുവദിക്കുകയും കുഴൽ കിണറുകൾ കുഴിക്കുന്നതിനും കുടിവെള്ളത്തിനും വേണ്ടിയുള്ള ഫണ്ടും നേരത്തേതന്നെ ഗവൺമെന്റ് അനുവദിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ അതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചു കാണാത്തതിൽ വളരെയേറെ ഖേദമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയോടും മുഖ്യമന്ത്രിയോടും ഒരു അഭ്യർത്ഥനയുണ്ട്. കാസർക്കോഡ് പോലുള്ള പല ജില്ലകളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുവരുന്നതിനാൽ എത്രയും വേഗത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണം. ഓരോ ജില്ലയ്ക്കും വരൾച്ചാബാധിത പ്രദേശങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കണം. അതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പംതന്നെ മറ്റൊരു കാര്യംകൂടി ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു, പുതിയ പദ്ധതികൾ ആരംഭിക്കുന്നതോടൊപ്പം തന്നെ വളരെ വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച ഒട്ടേറെ പദ്ധതികളുടെ പണിയും പൂർത്തിയാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഉദാഹരണമായി നിരവധി റോഡുകളും പാലങ്ങളും മറ്റ് വികസന പദ്ധതികളും എത്രയോ വർഷങ്ങളായി, അന്ന് ചെറിയ എസ്റ്റിമേറ്റ് ഉണ്ടായിരുന്നതാണ്. ഇപ്പോഴും പണി തീരാതെ കിടക്കുകയാണ്. പി.ഡബ്ലിയു.ഡി. നിരക്ക് കഴിഞ്ഞ ഡിസംബറിൽ നാല്പതു ശതമാനം വർദ്ധിപ്പിച്ചു. ഓരോ വർഷവും ഇങ്ങനെ വർദ്ധിക്കുന്നതിനനുസരിച്ച് ചെലവ് കൂടിക്കൂടി വരുന്ന സന്ദർഭത്തിൽ ധനകാര്യ വകുപ്പിന്റെ കണക്കുകൾ തെറ്റുന്നതിനും അച്ചടക്കം പാലിക്കുവാൻ കഴിയാതെ പോകുന്നതിനും കാരണമാകുന്നു. സമയബന്ധിതമായി ഏറ്റെടുത്ത വർക്കുകൾ പൂർത്തിയാക്കുന്നതിനും അതുപോലെ മുടങ്ങിക്കിടക്കുന്നതും മന്ദഗതിയിൽ ഉള്ളതുമായിട്ടുള്ള വർക്കുകളുടെ കണക്കുകൾ ശേഖരിച്ച് അവ പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രത്യേക ഫണ്ട് അനുവദിക്കണം. പണി നടന്നുകൊണ്ടിരിക്കുന്ന വർക്കുകൾ പ്രത്യേകമായി പൂർത്തീകരിക്കുന്നതിനുള്ള ഒരു പാക്കേജ് നടപ്പാക്കുവാൻ ധനകാര്യ വകുപ്പ് പ്രത്യേകം താല്പര്യമെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റുവരെ ഇപ്പോൾ പരാതികൾ ഉണ്ടാകുന്നുണ്ട്. പല പരാതികളും മുൻഗണനാടിസ്ഥാനത്തിലല്ല, പരിഹരിക്കുന്നത്. ശുപാർശകൾ വരുന്നു. സാധാരണക്കാരന് നീതി ലഭിക്കാത്ത അവസ്ഥ പലപ്പോഴും ഉണ്ടാകാറുണ്ട്. ഇത്തരത്തിലുള്ള പരാതികൾ ഒഴിവാക്കുവാൻ സാധാരണക്കാരന് നീതി ഉറപ്പാക്കത്തക്ക വിധത്തിൽ വില്ലേജ് തലത്തിലെ ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെ പരാതി ബോക്സുകൾ സ്ഥാപിച്ച് അതാത് പരാതിയിൽ പറയുന്ന കാര്യങ്ങൾ ഗൗരവപൂർവ്വം ഉന്നത ഉദ്യോഗസ്ഥർ പരിശോധിച്ച് നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ രണ്ടു ദിവസം മുമ്പ് പൂഞ്ഞാറിൽ ഉണ്ടായ ദൗർഭാഗ്യകരമായ സംഭവങ്ങൾ, വാസ്തവത്തിൽ അത് നമ്മുടെ സംസ്ഥാനത്ത് ഒരിക്കലും ഉണ്ടാകുവാൻ പാടില്ലാത്തതായിരുന്നു. ഗവൺമെന്റ് അടിയന്തിരമായി അവിടെ സമാധാനം പുനഃസ്ഥാപിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നതിൽ വളരെയേറെ സന്തോഷമുണ്ട്. വേഗത്തിൽ അത് പുനഃസ്ഥാപിക്കുവാൻ കഴിയുമെന്ന് വിശ്വാസമുണ്ട്. സർവ്വസ്വവും നഷ്ടപ്പെട്ടു, നിരവധി വീടുകൾ നഷ്ടപ്പെട്ടു. അവരുടെ തൊഴിൽ ഉപകരണങ്ങൾ നഷ്ടപ്പെട്ടു. അവരുടെ മൃഗങ്ങളും നിരവധി വസ്തുക്കളും നഷ്ടപ്പെട്ടിട്ടുമുണ്ട്. അതുകൊണ്ട് മുഴുവൻ ആളുകളുടേയും നഷ്ടവസ്തുക്കളുടെ ശരിയായ കണക്ക് ശേഖരിച്ച് അവർക്ക് എത്രയും വേഗത്തിൽ നഷ്ടപരിഹാരം നല്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. വാറ്റ് നടപ്പാക്കുന്നതു സംബന്ധിച്ച് വ്യാപാരി-വ്യവസായികളുമായി ചർച്ച നടത്തുമെന്ന് ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത് സ്വാഗതാർഹമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വളരെ ഉദാരമായ സമീപനം തന്നെയാണ് വ്യാപാരി-വ്യവസായികളോട് കാണിക്കുന്നത്. എന്തെങ്കിലും തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായും ചർച്ചയിലൂടെ പരിഹരിക്കുവാൻ ആവശ്യമായ നടപടി ഉണ്ടാകണം. അതോടൊപ്പംതന്നെ പി.ഡബ്ലിയു.ഡി. നിരക്ക് വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ബഡ്ജറ്റിൽ വർക്കുകൾക്ക് അധിക ഫണ്ട് കണ്ടെത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഈ ധനവിനിയോഗ ബില്ലുകളെ പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ: ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. വളരെ സാമ്പത്തിക ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽപ്പോലും അത്യാവശ്യ കാര്യങ്ങൾക്ക് പണം ലഭ്യമാക്കുവാൻ ഗവൺമെന്റ് പ്രത്യേക നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് നമ്മുടെ സമീപകാല പ്രവർത്തനങ്ങൾ പരിശോധിച്ചാൽ കാണുവാൻ കഴിയും. ഇവിടെ പ്രശ്നം അതല്ല. ഫണ്ടിന്റെ ലഭ്യതയേക്കാൾ ലഭിച്ച ഫണ്ട് വേണ്ടവിധത്തിൽ വിനിയോഗിക്കുവാൻ നമുക്ക് സാധിക്കുന്നില്ല എന്നുള്ളതാണ്. ഇന്ന് വളരെയേറെ ദുഃഖകരമായ സാഹചര്യം നിലനിൽക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമല്ല അനേക വർഷങ്ങളായി കാണുന്ന പ്രത്യേകതയാണിത്. ഇതിന് പരിഹാരം കാണുവാൻ സർക്കാരിന്റെ നടപടിക്രമങ്ങളുടെ നൂലാമാലകൾ കുറയ്ക്കുകയും സർക്കാർ ഉദ്യോഗസ്ഥർ കൂടുതൽ സാമൂഹ്യ പ്രതിബദ്ധതയോടുകൂടി ലഭിച്ച പണം വിനിയോഗിച്ച് ജനങ്ങൾക്ക് വേണ്ടി പദ്ധതികൾ തയ്യാറാക്കുകയും ചെയ്യണം. എങ്കിൽ മാത്രമേ നമ്മുടെ നാട്ടിൽ ജനങ്ങൾ ആഗ്രഹിക്കുന്ന വിധത്തിൽ കാര്യങ്ങൾ മുന്നോട്ട് പോകുകയുള്ളൂ. സമീപകാലത്തുണ്ടായ ഒന്ന്രണ്ട് കാര്യങ്ങളിലേക്ക് വിരൽ ചൂണ്ടുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കെ.എസ്.ടി.പി. സ്കീമിൽപ്പെടുത്തി ചില പദ്ധതികൾ ഏറ്റെടുത്തു. ഇവിടെ റോഡിന്റെയും ദേശീയ ജലപാതയുടെയും നിർമ്മാണം നടക്കുന്നുണ്ട്. 2003 സെപ്റ്റംബർ മാസത്തിൽ എഗ്രിമെന്റ് വച്ച് വർക്ക് ആരംഭിച്ച കെ.എസ്.ടി.പി. യുടെ കീഴിലുള്ള ഐ.ഡബ്ല്യു.ടി. പദ്ധതിയിൽ 61 കോടി രൂപ ചെലവഴിച്ച് കോട്ടയം മുതൽ വൈക്കം വരെയും അതുപോലെ കോട്ടയം-ആലപ്പുഴ ജല പാതകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. 2005 സെപ്റ്റംബർ മാസത്തിൽ ജോലികൾ പൂർത്തിയാക്കേണ്ടതാണ്. ജനങ്ങൾ മുൻപ് ഉപയോഗിച്ചുകൊണ്ടിരുന്ന ചില പാലങ്ങൾ പൊളിച്ചിട്ടിട്ട് ഇപ്പോൾ മാസങ്ങളല്ല വർഷം ഒന്നര കഴിഞ്ഞു. കഴിഞ്ഞ ദിവസം ഇവിടെ ജനങ്ങൾ സമരത്തിന് ഇറങ്ങേണ്ടിവന്നു. ഇതിനെക്കുറിച്ച് അന്വേഷിച്ച് ചെന്നപ്പോൾ ഉദ്യോഗസ്ഥർ പറയുന്നു ഇപ്പോഴും അതിന്റെ അപ്രോച്ച് റോഡിന്റെ ഡിസൈൻ ഫൈനലൈസ് ചെയ്തുകൊണ്ടിരിക്കുന്നതേയുള്ളുവെന്ന്. ഞാൻ ഇത് സൂചിപ്പിക്കാൻ കാരണം 61 കോടി രൂപയുടെ പദ്ധതി പൂർത്തിയാക്കുവാൻ രണ്ടുവർഷമുണ്ടായിട്ട് ഒന്നര വർഷം കഴിഞ്ഞിട്ടും അതിന്റെ ഡിസൈൻ ഉൾപ്പടെയുള്ള കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തുന്നുവെന്ന് ഉദ്യോഗസ്ഥർ പറയുന്നുവെങ്കിൽ അതിന് സ്വീകരിക്കേണ്ടിയിരുന്ന നടപടികൾ പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. ഇതുതന്നെയാണ് കുടിവെള്ള വിതരണത്തിന്റെ കാര്യത്തിലും പലപ്പോഴും സംഭവിക്കുന്നത്. 1983-ൽ തറക്കല്ലിട്ട് പണി ആരംഭിച്ച പദ്ധതി എന്റെ മണ്ഡലത്തിലുണ്ട്. ഇതു സംബന്ധിച്ച് നടപടികൾ ഇപ്പോഴാണ് പൂർത്തിയാക്കുന്നത്. ഗവൺമെന്റ് ഇപ്പോൾ വളരെ കാര്യക്ഷമമായ നിർദ്ദേശങ്ങൾ കൊടുത്ത് അതിന്റെ നടപടികൾ ആരംഭിക്കുകയാണ്. അതുപോലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയനുസരിച്ച് തുടങ്ങിവച്ച പല പദ്ധതികളുടേയും നിർമ്മാണം പുരോഗമിക്കുന്നില്ല. തടസ്സങ്ങൾ പറഞ്ഞ് മുന്നോട്ട് പോകുകയാണ്. ഇത്തരത്തിൽ ഗവൺമെന്റ് അനുവദിച്ചുകൊടുക്കുന്ന പണം സമയബന്ധിതമായി വിനിയോഗിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാമൂഹ്യ പ്രതിബദ്ധതയോടുകൂടി നടപടികൾ സ്വീകരിക്കണം. ഇത്തരത്തിലുള്ള നടപടികളിലേക്ക് പോകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

ഗവൺമെന്റ് നിർദ്ദേശം നൽകുകയും നേതൃത്വം നൽകുകയും ചെയ്യണമെന്നാണ് അഭ്യർത്ഥിക്കുന്നത്. ഈ ധനവിനിയോഗ ബില്ലുകളെ ഒരിക്കൽക്കൂടി പിൻതാങ്ങുകയാണ്.

ശ്രീ. കെ. കെ. ഷാജു: ഞാൻ ഈ ബഡ്ജറ്റിലുള്ള അന്തിമ ഉപധനാഭ്യർത്ഥനയെയും അതുപോലെ 1990 മുതൽ 2000 വരെയുള്ള വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനയെയും പിൻതാങ്ങുകയാണ്. സാമ്പത്തിക പരിമിതികൾക്ക് നടുവിൽ നിന്നുകൊണ്ടാണ് നമ്മുടെ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചത്. കേന്ദ്രത്തിൽ അവതരിപ്പിച്ച രണ്ടു ബഡ്ജറ്റുകളും, റെയിൽവേ ബഡ്ജറ്റും നമുക്ക് ആശാവഹമല്ലെങ്കിലും ദോഷം വരുത്തുന്നവയല്ല. അതുപോലെ തന്നെ പൊതു ബഡ്ജറ്റും നമുക്ക് വളരെ സഹായകമായിട്ടുള്ളതാണ്. രണ്ട് ബഡ്ജറ്റുകളും പൂർണ്ണമായി എതിരായി വന്നിരുന്നുവെങ്കിൽ നമ്മുടെ ബഡ്ജറ്റിന്റെ താളം തെറ്റുമായിരുന്നു. ആ സ്ഥിതി ഇപ്പോൾ തൽക്കാലം ഒഴിവായിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഇവിടെ അവതരിപ്പിക്കപ്പെട്ട ജനകീയ പദ്ധതികളും വികസന പ്രവർത്തനങ്ങളും ശുഷ്കാന്തിയോടുകൂടി മുൻപോട്ട് കൊണ്ടുപോകാൻ നമുക്ക് കഴിയണം. എനിക്ക് പറയാനുള്ളത് പ്രധാനമായും ഓരോ സെക്ടറിനും പണം അനുവദിക്കുമ്പോൾ അതിന് മുൻഗണനാക്രമം വേണമെന്നാണ്. വരൾച്ച വരുമ്പോൾ വെള്ളപ്പൊക്കത്തിനും വെള്ളപ്പൊക്കം വരുമ്പോൾ വരൾച്ചക്കും സഹായം നൽകുന്ന ഏർപ്പാട് നിർത്തലാക്കണം. നെല്ല് സംഭരണത്തിന്റെ പ്രശ്നവും യഥാർത്ഥത്തിൽ ഇത് തന്നെയാണ്. നെല്ല് സംഭരണത്തിന് പത്ത് കോടി രൂപ വേണം. ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത് മൂന്ന് കോടിരൂപയാണ്. ബാക്കി ഏഴ് കോടി രൂപ കുടിശ്ശികയാണ്. ഈ ഏഴ് കോടി രൂപ കുടിശ്ശിക കൊടുക്കാത്തതുകൊണ്ടാണ് യഥാർത്ഥത്തിൽ നെല്ല് സംഭരണത്തിൽനിന്ന് മാറി നിന്നത്. ഒടുവിൽ പ്രശ്നം രൂക്ഷമായപ്പോൾ ധനകാര്യ വകുപ്പുമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇടപെട്ടു. അവസാനം പണം കൊടുത്തു. പണം കൊടുത്തുകഴിയുമ്പോൾ യഥാർത്ഥത്തിൽ ഗുണം ലഭിക്കേണ്ട കൃഷിക്കാർക്ക് അതിന്റെ ആനുകൂല്യം കിട്ടാതെ വരികയും ചെയ്യുന്നു. അതിന് പരിഹാരമുണ്ടാക്കുവാൻ ഓരോ പദ്ധതിക്കും കൊടുക്കേണ്ട പണം കൃത്യമായി കൊടുക്കുകയും അത് കിട്ടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. ഇതാണ് എനിക്ക് ഇത് സംബന്ധിച്ച് പറയാനുള്ളത്. ഇതിന്റെ പേരിൽ ഡിപ്പാർട്ടുമെന്റിന്റെ പുറത്തോ ഗവൺമെന്റിന്റെ പുറത്തോ കുതിര കയറിയാൽ ഒരു ഫലവും കിട്ടുകയില്ല. എൽ.ഡി.എഫ്.-ന്റെ കാലത്ത് തൃശ്ശൂർ കോൾ നിലങ്ങൾ നികത്തി. ഇവിടെ ശ്രീ. കെ. പി. രാജേന്ദ്രൻ രാവിലെ മുതൽ പറയുന്നു നെല്ലിന് വിലയില്ല, നാളികേരത്തിന് വിലയില്ല, കൃഷി വകുപ്പ് ആകെ നാശത്തിലാണ്, നഷ്ടത്തിലാണ്, കൃഷി വകുപ്പുമന്ത്രി തൃശ്ശൂരിലേക്ക് പോകുന്നേയില്ലെന്ന്. തൃശ്ശൂർ ജില്ലയടക്കം കേരളത്തിലെ എല്ലാ ജില്ലകളിലും പുതിയതായി പ്രഖ്യാപിച്ച ജില്ലകളിലുമെല്ലാം രാഷ്ട്രീയ പ്രവർത്തനവും പൊതു പ്രവർത്തനവും നടത്തി പാരമ്പര്യമുള്ള കൃഷി വകുപ്പുമന്ത്രിയെ നോക്കി ശ്രീ. രാജേന്ദ്രൻ അങ്ങോട്ട് പോയിട്ടില്ല എന്നൊക്കെ പറഞ്ഞാൽ എന്താണ് പറയാൻ കഴിയുക? അന്ന് നെല്ലിന്റെ വില 423 രൂപയായിരുന്നു. നാളികേരം രണ്ടു രൂപയ്ക്ക് രണ്ടെണ്ണം കിട്ടുന്ന അവസ്ഥയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അന്ന് റബ്ബറിന്റെ വില 23 രൂപയായിരുന്നു. ഇതെല്ലാം ഉണ്ടാക്കി വച്ച ആളുകൾ ഇപ്പോൾ ആകാശത്തുനിന്ന് പൊട്ടി വീണതുപോലെ മാറി നിന്നിട്ട് പറയുകയാണ് നെല്ലിനും മറ്റ് സാധനങ്ങൾക്കും വിലയില്ലെന്ന്. നെല്ല് സംഭരണത്തിന് ഇവരുടെ കാലത്ത് എത്ര കോടി രൂപയായിരുന്നു മാറ്റിവച്ചിരുന്നത്? അതെന്താ ശ്രീ. കെ. പി. രാജേന്ദ്രൻ പറയാതിരുന്നത്? നിങ്ങൾ മാറ്റി വച്ചിരുന്നത് ഞങ്ങൾ വല്ലതും കുറച്ചോ? സ്പെഷ്യൽ പാക്കേജ് കൊണ്ടുവന്നിട്ട് കഴിഞ്ഞ പ്രാവശ്യം ഏറ്റവും കൂടുതൽ നെല്ല് സംഭരിക്കാൻ വില കൊടുത്തു. ഉൽപാദിപ്പിക്കപ്പെടുന്നതു മുഴുവൻ സംഭരിക്കാൻ കഴിയില്ല. മാർക്കറ്റ് ഇന്റർവെൻഷൻ എന്നുപറഞ്ഞാൽ കൂറേ വാങ്ങിയെടുക്കുന്നതിലൂടെ വിപണിയിൽ വില ഉയർത്തുകയെന്നുള്ളതാണ്. അത് മനസ്സിലാക്കാതെ അല്ലെങ്കിൽ മനസ്സിലാക്കിയിട്ട് മനസ്സിലാക്കുന്നില്ലെന്ന് നടിച്ച് മുന്നോട്ടു പോകുകയാണ്. വാറ്റിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഈ സംസ്ഥാനത്ത് സംഘർഷവും സംഘടിത സമരങ്ങളും സൃഷ്ടിയ്ക്കുന്നതിലേക്ക് കാര്യങ്ങൾ പോകാതിരിക്കാൻ ശ്രദ്ധിക്കണം. ഈ ഗവൺമെന്റ് തുടങ്ങിവച്ച വികസന പ്രക്രിയ നന്നായി മുന്നോട്ടു കൊണ്ടുപോകുന്നതിനെ അട്ടിമറിക്കാൻ വാറ്റുമായി ബന്ധപ്പെട്ട് സമരങ്ങൾക്ക് വഴിതെളിക്കുമെന്നുള്ളതുകൊണ്ട് അക്കാര്യത്തിൽ ഗൗരവമായ പരിശോധന വേണമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിൽ ഇപ്പോൾ ഗാന്ധിജിക്ക് നല്ല പങ്കാണ് ഗാന്ധിജിയുടെ കാര്യങ്ങളൊക്കെ പറഞ്ഞല്ലോ? മലപ്പുറത്തെ സമ്മേളനത്തോടുകൂടി ഗാന്ധിജിക്ക് മാത്രമല്ല ജോർജ് വാഷിംങ്ടണും സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിൽ പങ്കാളിത്തമുണ്ടെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. ഡോ. തോമസ് ഐസക്കും, പ്രൊഫസർ വിജയനും പാഠം മാസികയും എല്ലാം ചേർന്ന് ഇപ്പോൾ ജോർജ് വാഷിംഗ്ടൺ പോലും മാർക്സിസ്റ്റ് പാർട്ടിയെ നിയന്ത്രിക്കുന്നു എന്ന രൂപത്തിൽ വന്നിരിക്കുകയാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: ജോർജ് വാഷിംങ്ടൺ എന്ന വാക്ക് കൊണ്ട് ശ്രീ. കെ. കെ. ഷാജു എന്താണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. കെ. ഷാജു: അറിയാവുന്നവർക്കറിയാം നമ്മുടെ നോട്ടിൽ മഹാത്മാഗാന്ധിയുടെ വലിയ തലയിരിക്കുന്നതുപോലെ തന്നെ വാഷിംങ്ടണിന്റെ തലയുള്ള നോട്ടും ഉണ്ട്. ആ നോട്ടിന്റെ പേര് ഞാൻ പറയുന്നില്ല. വാഷിംഗ്ടൺ ഇരിക്കുന്ന നോട്ടിന് എന്താണ് പേരെന്ന് ഞാൻ പ്രത്യേകിച്ച് പറയുന്നില്ല. അത് മാർക്സിസ്റ്റ് പാർട്ടി തന്നെ സമ്മേളനത്തിൽ പറഞ്ഞതാണ്. ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ പിൻതാങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മഹാത്മാഗാന്ധിയെ ജോർജ്ജ് വാഷിംങ്ടണിനോട് ഉപമിച്ചു അങ്ങനെയുള്ള പദപ്രയോഗങ്ങൾ ശരിയല്ല. മഹാത്മാഗാന്ധിയെ സംബന്ധിച്ച് അങ്ങനെയുള്ള പദപ്രയോഗങ്ങൾ നടത്തുന്നത് ശരിയല്ല.....(ബഹളം) .....

മി. ചെയർമാൻ: അത് പരിശോധിക്കാം.

ഫയൽ നമ്പർ 251/ഇ.ബി./05/ലെ ജി. തീയതി 16-4-2005 പ്രകാരം നിലനിറുത്താൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

